**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1499**

**02.07.2015 - ൽ മറുപടിക്ക്**

**നീര ഉൽപാദന യൂണിറ്റുകൾക്ക് ലൈസൻസ്**

**ചോദ്യം**
**ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ**

**മറുപടി**
**ശ്രീ.കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) നീര ഉൽപാദനത്തിന് എത്ര യൂണിറ്റുകൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്; നീര ഉൽപാദക സംഘങ്ങൾക്ക് സഹായം ലഭ്യമാക്കുന്നുണ്ടോ; വിശദമാക്കാമോ; | എ) സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിനായി നാളികേര വികസന ബോർഡിന്റെ അംഗീകാരമുള്ള നാളികേര ഉല്പാദക ഫെഡറേഷനുകൾക്കാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ഇത്തരത്തിൽ 173 നാളികേര ഉല്പാദക ഫെഡറേഷനുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 168 എണ്ണത്തിന് ലൈസൻസ് നൽകുകയുണ്ടായതായി എക്സൈസ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. 2015-16 വർഷത്തേക്ക് 162 എണ്ണത്തിന് ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.<br>നീര ഉല്പാദക സംഘങ്ങൾക്ക് സഹായം ലഭ്യമാക്കുന്നത് സംബന്ധിച്ച് വിവിധ നിർദ്ദേശങ്ങൾ സർക്കാർ തലത്തിൽ പരിശോധിച്ചു വരികയാണ്. |
| ബി) നീരയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | ബി) സംസ്ഥാനത്തെ പല നീര ഉല്പാദക യൂണിറ്റുകളിലും നീര ഹണി, ശർക്കര, ജാം, സ്ക്വാഷ്, നീര ഷുഗർ, നീര കേക്ക്, നീര ചോക്കലേറ്റ് തുടങ്ങിയ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നുണ്ട്.<br>പരീക്ഷണാടിസ്ഥാനത്തിൽ കേരാമൃതം, കേരചക്കര, കേര ജാം എന്നിവ ഉണ്ടാക്കാനുള്ള പൈലറ്റ് യൂണിറ്റ് കാർഷിക സർവ്വകലാശാലയുടെ നീലേശ്വരം, പടന്നക്കാട് കാർഷിക കോളേജിൽ പ്രവർത്തിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**